കൈത്തറി മേഖലയുടെ പുനരുദ്ധാരണം

298 (647) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി എന്തു തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ ;

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പയും പലിശയും ഒഴിവാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഫാക്ടറി ടൈപ്പ് സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതികൾ നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണ സംഘങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട് :

പ്രവർത്തന മൂലധനം	-	5 ലക്ഷം രൂപ
കെട്ടിട നവീകരണത്തിന്	-	3 ലക്ഷം രൂപ
ഇ.എസ്.ഐ/ഇ.പി.എഫ്. കുടിശ്ശിക തീർക്കുവാൻ	-	5 ലക്ഷം രൂപ

ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന് 1 ലക്ഷം രൂപയും ഉൾപ്പെടെ പരമാവധി 14 ലക്ഷം രൂപ ഓരോ സംഘത്തിനും അനുവദിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റീഫോംസ്, റീസ്ട്രക്ച്ചറിംഗ് പാക്കേജ് പ്രകാരം 2010 മാർച്ച് 31 വരെ ഉള്ള (എൻ.പി.എ. ആകുന്നതു വരെ) 100% ലോണും 25% പലിശയും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. സംഘങ്ങൾ അംഗങ്ങൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക തുകയും കൊടുത്തിട്ടുണ്ട്.

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം	തുക (ലക്ഷത്തിൽ)
2011-12	4648.54
2012-13	5227.52
2013-14	4834.07
2014-15	2704.54 (ജനുവരി 15 വരെ)

കൂടാതെ റിവൈവൽ, റിഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി പ്രകാരം 2013-14-ൽ കേന്ദ്രസംസ്ഥാന വിഹിതം ഉൾപ്പെടെ 28.32 കോടി രൂപയും 2014-15-ൽ 172.29 കോടി രൂപയും ചെലവഴിച്ചു.

(സി) പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെയും, അപ്പക്സ് സംഘത്തിന്റെയും, സ്വകാര്യനെയ്ത്തുകാരുടെയും 31-3-2010-ന് കുടിശ്ശികയായിട്ടുള്ള വായ്പത്തുകയുടെ 100% വും പലിശയുടെ 25% വും (എൻ.പി.എ. ആയ തീയതി വരെയുള്ള) തിരിച്ചടയ്ക്കുന്നതിന്, സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് ഫോർ ഹാന്റ് ലൂം സെക്ടർ, അപ്രകാരം കേന്ദ്രസർക്കാരും, നബാർഡും, സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പുവയ്ക്കുകയും പദ്ധതി നടത്തിപ്പിലേയ്ക്കായി സംസ്ഥാനതല ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് റിവ്യൂ കമ്മിറ്റി, ജില്ലാതല ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് റിവ്യൂ കമ്മിറ്റി തുടങ്ങിയവ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി യഥാസമയം ചേർന്ന് റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജിന് അർഹതയുള്ള സംഘങ്ങളുടെ ലിസ്റ്റും തുകയും അംഗീകരിച്ച് കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും അപ്രകാരം റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് അംഗീകരിക്കുകയും, സംഘങ്ങൾക്കും ഹാന്റ്ലൂമിനും വ്യക്തിഗത യൂണിറ്റുകൾക്കും ആനുകൂല്യം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡാണ്. 31-3-2010 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ, നബാർഡ് സ്പെഷ്യൽ ഓഡിറ്റ് നടത്തി, കേന്ദ്രസർക്കാരിന്റെ നിബന്ധനകൾക്കു വിധേയമായി വയബിൾ/പൊട്ടൻഷ്യലി വയബിൾ വിഭാഗങ്ങളിൽപ്പെട്ട അർഹതയുള്ള സംഘങ്ങളെ കണ്ടെത്തുകയും, ആനുകൂല്യം നൽകുകയുമാണുണ്ടായത്. പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 124 സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും രണ്ടാം ഘട്ടത്തിൽ 233 പ്രൈമറി കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളതായി നബാർഡ് കണ്ടെത്തി.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം ഘട്ടത്തിൽ, 22.34 കോടി രൂപ കേന്ദ്ര വിഹിതമായും, 5.98 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ചു. രണ്ടാം ഘട്ടത്തിൽ കൈത്തറി ഡയറക്ടറേറ്റ് മുഖാന്തരം കേന്ദ്ര വിഹിതം അനുവദിച്ചു നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ ആദ്യഗഡുവായി കേന്ദ്രത്തിൽ നിന്നും 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും ലഭിക്കുകയുണ്ടായി. അതിൽ 137.49 കോടി രൂപ ചെലവഴിച്ചു. സംസ്ഥാന വിഹിതമായി 34.80 കോടി രൂപയും നൽകി. കേന്ദ്ര-സംസ്ഥാന വിഹിതം വിനിയോഗിച്ചതിനെ സംബന്ധിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമി

299 (648) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് ബിർള ഗ്രൂപ്പിന് അന്തിമനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്താൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) കോഴിക്കോട് കോംടസ്റ്റ് മാതൃകയിൽ നിയമനിർമ്മാണത്തിലൂടെ ഗ്വാളിയോർ റയോൺസ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഹൈടെക് ഇൻഡസ്ട്രിയൽ സർവ്വീസസ് ഠൗൺഷിപ്പ് സ്ഥാപിക്കുന്നതിന് കമ്പനി സമർപ്പിച്ച സാധ്യത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. ഇത് സംബന്ധിച്ച് ബിർള ഗ്രൂപ്പിന് അന്തിമ നിർദ്ദേശം നൽകിയിട്ടില്ല. മാവൂർ ഗ്വാളിയോർ റയോൺസിന് വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly